പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7510 17.07.2012- ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജിൽ താറാവുകളെ വിതരണം ചെയ്യുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). | |
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിരുന്ന ആട് വിതരണ പദ്ധതി റിവൈസ് ചെയ്ത് താറാവുകളെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട ആട് വിതരണ പദ്ധതിയിൽ 23940 ആടുകളെ വിതരണം ചെയ്യുന്നതിനുള്ള അനുമതിയാണ് നൽകിയത്. ഇതിൽ 11970 ആടുകളെ വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭിക്കുകയും 312 ആടുകളെ വിതരണം ചെയ്യുകയും ചെയ്തു. കുട്ടനാട് മേഖലയിൽ ആടുവിതരണ പദ്ധതി പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും പ്രോസ്പിരിറ്റി കൗൺസിലിന്റെ നിർദ്ദേശത്തെതുടർന്ന് ആടുവിതരണ പദ്ധതിയ്ക്ക് പകരം താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കുവാനുള്ള പ്രൊപ്പോസലിന് അനുമതി നൽകി. ടി പദ്ധതിയിൽ 500 താറാവിൻ കുഞ്ഞുങ്ങളുൾപ്പെടുന്ന ഒരു യൂണിറ്റ് നടപ്പിലാക്കുവാൻ 85000 രൂപ ചെലവ് വരുന്നു. ഇതിൽ 50% (42500 രൂപ) സർക്കാർ ധനസഹായം ലഭിക്കുന്നു. ഇത്തരത്തിലുള്ള 330 യൂണിറ്റുകൾ നടപ്പിലാക്കും. പദ്ധതി നടപ്പിലാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വെറ്ററിനറി /സീനിയർ വെറ്ററിനറി സർജൻ, തദ്ദേശസ്വയംഭരണ വിഭാഗം പ്രസിഡന്റോ/അംഗമോ ഉൾപ്പെടുന്ന കമ്മിറ്റിയാണ്. |

| | | | |
|---|---|---|---|
| (സി) | പാക്കേജിൽ ഉൾപ്പെടുത്തി കന്നുകാലികളെ വിതരണം ചെയ്തു നടപടിയുടെ നിലവിലത്തെ അവസ്ഥ വിശദമാക്കുമോ; | (സി) | വിശദമാക്കാം. പാക്കേജിൽ ഉൾപ്പെടുത്തി കന്നുകാലികളെ വിതരണം ചെയ്തു പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ 1000 പശുക്കളെ വിതരണം ചെയ്തു. ഇതിൽ 34 പശുക്കൾ ചത്തു പോകുകയും 20 പശുക്കളെ വിൽക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 946 പശുക്കൾ നിലവിലുണ്ട്. കോട്ടയം ജില്ലയിൽ 500 പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 453 പശുക്കളെ വിതരണം ചെയ്തു. ഇതിൽ 16 പശുക്കൾ ചത്തു. ബാക്കി 437 പശുക്കൾ നിലവിലുണ്ട്. |
| (ഡി) | കന്നുകാലി വിതരണം മൂലം പാലുത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ഡി) | കന്നുകാലി വിതരണം മൂലം പാലുത്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതി മുഖേന ഒരു ദിവസം 19200 ലിറ്റർ പാൽ ലഭിക്കുന്നുണ്ട്. |
| (ഇ) | കന്നുകാലി വിതരണം സംബന്ധിച്ച് സർവ്വെ നടത്തിയ പദ്ധതി വിജയിച്ചുവോ എന്ന് പരിശോധിക്കുമോ ? | (ഇ) | കുട്ടനാട് പാക്കേജിനെ സംബന്ധിച്ച ഇംപാക്റ്റ് സ്റ്റഡി നടത്തുന്നതിനായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയ്ക്ക് ആവശ്യമായ ഫണ്ട് നൽകുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ